"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ലൈഫ് ഭവന പദ്ധതി- ഗ്രാമീണ മേഖല -ഭവന നിർമ്മാണം - സംസ്ഥാന വിഹിതം - അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഡിഇ)വകുപ്പ്**

സ.ഉ.(സാധാ) നം.2889/2025/LSGD തീയതി,തിരുവനന്തപുരം, 29-11-2025

---

പരാമർശം:-

1. സ.ഉ(സാധാ) നം965/2025/തസ്വഭവ തീയതി 15/04/2025
2. സ.ഉ(സാധാ) നം.1183/2025/തസ്വഭവ തീയതി 14/05/2025
3. സ.ഉ(സാധാ) നം.1239/2025/തസ്വഭവ തീയതി 20/05/2025
4. ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 7/10/2025 ലെ എൽ.എം1/2332/ഫിൻ/2024 നമ്പർ കത്ത്

**ഉത്തരവ്**

2025-26 സാമ്പത്തിക വർഷത്തിൽ നഗര/ ഗ്രാമീണ മേഖലകളിലെ ഭവനനിർമ്മാണത്തിനായി 4217-60-151-95 'ലൈഫ് പാർപ്പിട പദ്ധതി (നഗരം)' ശീർഷകത്തിൽ 140 കോടി രൂപയും 4515-00-102-49 ' ലൈഫ് പാർപ്പിട പദ്ധതി(ഗ്രാമം ) ' ശീർഷകത്തിൽ 580 കോടി രൂപയും ഉൾപ്പെടെ ആകെ 720 കോടി രൂപ വകയിരുത്തിയിരുന്നു. പരാമർശം 1,2 ഉത്തരവുകൾ പ്രകാരം മേൽ ശീർഷകങ്ങളിൽ നിന്ന് യഥാക്രമം 24.30 കോടി രൂപയും, 112.59 കോടി രൂപയും ലൈഫ് മിഷന് അനുവദിച്ച് നൽകിയിരുന്നു.

2.ഗ്രാമീണ മേഖലയിൽ ഭവനങ്ങളുടെ പൂർത്തീകരണത്തിന് ആവശ്യമായ സംസ്ഥാന വിഹിതം ആയ 100 കോടി രൂപ 4515-00-102-49 (പി) ശീർഷകത്തിൽ ഇനി വിട്ടുതൽ ചെയ്യാൻ അവശേഷിക്കുന്ന 467.41 കോടി രൂപയിൽ നിന്നും ലൈഫ് മിഷന്റെ തിരുവനന്തപുരം ജില്ല ട്രഷറിയിലെ PSTSB അക്കൗണ്ടിലേക്ക് (അക്കൗണ്ട് നമ്പർ. 799012700001688) നിക്ഷേപിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് പരാമർശം - 4 പ്രകാരം ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അഭ്യർത്ഥിക്കുകയുണ്ടായി.

3. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ച്,ലൈഫ് ഭവന പദ്ധതിയിൽ ഗ്രാമീണ മേഖലയിൽ കരാർ വെച്ച് ഭവന നിർമ്മാണമാരംഭിച്ച ഗുണഭോക്താക്കൾക്കുള്ള സംസ്ഥാന വിഹിതം ആയി 4515-00-102-49 (പി) ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും സീലിംഗ് പരിധി ഉയർത്തി അനുവദിച്ച 100 കോടി രൂപ ലൈഫ് മിഷന്റെ തിരുവനന്തപുരം ജില്ല ട്രഷറിയിലെ PSTSB അക്കൗണ്ടിലേക്ക് (അക്കൗണ്ട് നമ്പർ. 799012700001688) അനുവദിച്ച് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

കോ -ഓർഡിനേറ്റർ, നവകേരളം കർമ്മപദ്ധതി, ബി.എസ്.എൻ.എൽ ഭവൻ, ഉപ്പളം റോഡ്, Statue,തിരുവനന്തപുരം

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

ധനകാര്യ ( വനിതാ ശിശു) വികസന വകുപ്പ് (WCD-3/271/2025-FIN) പ്രകാരം

സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ& ഇ)/ഓഡിറ്റ്), തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ്&ന്യൂ മീഡിയ, ഐ&പി.ആർ.ഡി, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Sheeba. S. C
Date: 29-11-2025 16:57:50
സെക്ഷൻ ഓഫീസർ